വിവരാവകാശ നിയമം 2005
അടിയന്തരം

കേരള സർക്കാർ

നം.260/സി3/2018/സാനീവ

സാമൂഹ്യനീതി(സി) വകുപ്പ്
തീയതി, തിരുവനന്തപുരം, 10/08/2018.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി.

ശ്രീ.പി.പി.കബീർ (മാധ്യമം ബ്യൂറോ)
സുബിൻ അപ്പാർട്ട്മെന്റ്
കോൺവെന്റ് റോഡ്, എറണാകുളം.

11213

20 AUG 2018

സർ,

വിഷയം : സാനീവ –വിവരാവകാശ നിയമം 2005 - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ – മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന : ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.13) വകുപ്പിന്റെ 01/08/2018 തീയതിയായി 229/എ.ആർ.13(2)/18/ഉഭപവ. നമ്പർ കത്ത് പ്രകാരം 3/8/2018-ന് ഈ വകുപ്പിൽ ലഭിച്ച താങ്കളുടെ 24/07/2018 ലെ അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിലെ താങ്കളുടെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ഈ സെക്ഷനിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത വിവരങ്ങൾ താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി ആയതിന്റെ പകർപ്പ്, വിവരാവകാശ നിയമം 2005 സെക്ഷൻ 6(3) പ്രകാരം സാമൂഹ്യനീതി വകുപ്പിലെ വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും സെക്രട്ടേറിയറ്റിലെ സാമൂഹ്യനീതി വകുപ്പിലെ മറ്റ് സെക്ഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

18/8/2018
AD(PL)

ഈ മറുപടിയിൽ ആക്ഷേപമുള്ള പക്ഷം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം താങ്കൾക്ക് താഴെക്കൊടുക്കുന്ന മേൽവിലാസത്തിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

ശ്രീമതി.ലീലാമണി.കെ.എം.
അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

വിശ്വസ്തതയോടെ,

അനിൽ കുമാർ.സി
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി.

പകർപ്പ്: 1) സാമൂഹ്യനീതി വകുപ്പിലെ എല്ലാ വകുപ്പദ്ധ്യക്ഷന്മാരുടെയും ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക്.
(അപേക്ഷകന് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നേരിട്ട് മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് സഹിതം).

2) സെക്രട്ടേറിയറ്റിലെ സാമൂഹ്യനീതി വകുപ്പിലെ എ,ബി,ഡി,ഇ എന്നീ സെക്ഷനുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (വിവരം ലഭ്യമാണെങ്കിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അപേക്ഷകന് നേരിട്ട് ലഭ്യമാക്കാൻ താല്പര്യപ്പെടുന്നു).

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(എ.ആർ 13) വകുപ്പ്,
തിരുവനന്തപുരം, തീയതി. 01.08.2018.

നം.229/എ.ആർ 13(2)/18/ഉഭപേവ

പ്രേഷകൻ

അണ്ടർ സെക്രട്ടറി &സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ പി പി കബീർ,
മാധ്യമം ബ്യൂറോ,
സുബിൻ അപാർട്മെന്റ്, കോൺവെന്റ് റോഡ്,
എറണാകുളം

സർ,

വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 28.07.2018 -ൽ ഈ വകുപ്പിൽ ലഭ്യമായ താങ്കളുടെ അപേക്ഷ.

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ഈ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വശം ലഭ്യമല്ലാത്തതിനാൽ, ലഭ്യമായ വിവരങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ നേരിട്ട് നൽകുന്നതിനായി താങ്കളുടെ അപേക്ഷ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള വകുപ്പുകളിലെ SPIO മാർക്ക വിവരാവകാശ നിയമത്തിലെ സെക്ഷൻ 6(3) പ്രകാരം കൈമാറിയിട്ടുണ്ടെന്ന വിവരം താങ്കളെ അറിയിക്കുന്നു.

മറുപടിയിന്മേൽ ആക്ഷേപമുള്ള പക്ഷം കത്ത് കൈപറ്റി 30 ദിവസത്തിനകം വിവരവകാശനിയമത്തിലെ സെക്ഷൻ 19(1) പ്രകാരം താഴെ പറയുന്ന അപ്പീൽ അധികാരി മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**അപ്പീൽ അധികാരി :-**

ശ്രീ സന്തോഷ് കുമാർ. ആർ,
ഡെപ്യൂട്ടി സെക്രട്ടറി & അപ്പീൽ അധികാരി ,
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്,
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. ഫോൺ നമ്പർ :-0471 2518(23

വിശ്വസ്തതയോടെ,

ലിസിമോൾ.ഇ
**അണ്ടർ സെക്രട്ടറി &**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**

പകർപ്പ് :- ധനകാര്യം, നിയമം ഉൾപ്പെടെയുള്ള വകുപ്പുകളിലെ SPIO മാർക്ക
(ലഭ്യമായ വിവരങ്ങൾ നൽകുന്നതിനായി)

File No.RS/642/2018-PandARD

[illegible]/2018/P&ARD(OS)

26-7-2018

From,

P.P Kabeer,
Madhyamam Bureau,
Subin Appartment,
Convent Road, Ernakulam.

To,

The State Public Information Officer,
Personnel & Adminidtrative Reforms Department,
III Floor, Annex Building,
Government Secretariate,
Thiruvananthapuram.

സർ,

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

1. 2018 ജൂൺ 30 വരെയുള്ള കണക്ക് പ്രകാരം ദീർഘനാൾ അവധിയെടുത്ത് വിദേശത്തുപോയ
കേരള സർക്കാർ ജീവനക്കാരുടെ എണ്ണം എത്ര? ഇതിൽ എത്രപേർ 20 വർഷം വരെ അവധി
എടുത്തിട്ടുണ്ട്?
2. ദീർഘകാല അവധിയെടുത്ത് വിദേശത്തുപോയ സർക്കാർ ജീവനക്കാരിൽ ഗസറ്റഡ്
റാങ്കിലുള്ളവർ എത്ര?
3. അവധിയെടുത്ത് വിദേശത്തുപോയ സർക്കാർ ജീവനക്കാരിൽ എത്ര പേർക്ക് അവധി നീട്ടി
നൽകിയിട്ടുണ്ട്?
4. വിദേശത്തുപോകാൻ ദീർഘകാല അവധിക്കായി നിലവിൽ എത്ര സർക്കാർ
ജീവനക്കാരുടെ അപേക്ഷകളാണ് വകുപ്പിന്റെ പരിഗണനയിൽ ഉള്ളത്?
5. അവധിയെടുത്ത് വിദേശത്തുപോയ സർക്കാർ ജീവനക്കാർ അവധി നീട്ടിക്കിട്ടാൻ നൽകിയ
എത്ര അപേക്ഷകളാണ് നിലവിൽ വകുപ്പിന്റെ പരിഗണനയിൽ ഉള്ളത്?
6. സർക്കാർ ജീവനക്കാർ ദീർഘകാല അവധിയെടുത്ത് വിദേശത്തുപോയതുമൂലം ഉണ്ടായ
ഒഴിവുകൾ നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?
7. ദീർഘകാല അവധിയെടുത്ത് വിദേശത്തുപോയ സർക്കാർ ജീവനക്കാർ വിദേശപൗരത്വം
സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര പേർ?
8. വിദേശത്തുപോകാൻ സർക്കാർ ജീവനക്കാർക്ക് ദീർഘകാല അവധി
അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടം ഭേദഗതി ചെയ്യണമെന്ന ഹൈക്കോടതി
നിർദേശത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

വിശ്വസ്തതയോടെ

പി.പി. കബീർ

കൊച്ചി

24.07.2018